(ബി) മി. കേശവമേനോനെ തിരുവിതാംകൂർ പോലീസിലേക്ക് എടുത്തത് തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിന്റെ ആവശ്യമനുസരിച്ചാണോ അതോ കേന്ദ്രഗവണ്മെൻറിന്റെ നിർദ്ദേശം അനുസരിച്ചാണോ?

(സി) ശബരിമല ക്ഷേത്രത്തിന്റെ അന്വേഷണം അദ്ദേഹത്തിനു് എന്നാണു് കൊടുത്തതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഇതിനു ഉത്തരം പറഞ്ഞുകഴിഞ്ഞു.

പോലീസു് പരിഷ്കാരം

*൨൪ ൪. (൯൩) ശ്രീ. ദേവകീ ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പോലീസുഡിപ്പാർട്ടുമെൻറിൽ നടത്തിയ പരിഷ്കാരം പോലീസു ഡിപ്പാർട്ടുമെൻറിൽ ആരെങ്കിലും ആവശ്യപ്പെട്ടിട്ടാണോ അതോ കേന്ദ്രഗവണ്മെൻറിന്റെ നിർദ്ദേശം അനുസരിച്ചാണോ;

(ബി) പരിഷ്കാരം അനുസരിച്ചു കൂടുതൽ ആളുകളെ പോലീസു ഡിപ്പാർട്ടുമെൻറിൽ എടുത്തിട്ടുണ്ടോ; എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ ടി. കെ. നാരായണപിള്ള):

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനും വിവിധ ഡിപ്പാർട്ടുമെൻറുകളും പരിഷ്കരിച്ചു കൂട്ടത്തിൽ പോലീസു ഡിപ്പാർട്ടുമെൻറും ഉൾപ്പെടുന്നു. കേന്ദ്രഗവണ്മെൻറിൽനിന്നും ഡിപ്പാർട്ടുമെൻറു പരിഷ്കരണ കാര്യത്തിൽ യാതൊരു നിർദ്ദേശവുമില്ല.

(ബി) കൂടുതലായി ഏതാനും പോലീസുകാരെ റിക്രൂട്ടുചെയ്യുവരുന്നുണ്ടു്.

ശ്രീ. സി. സി. പ്രസാദു്: പോലീസു് ഡിപ്പാർട്ടുമെൻറു പരിഷ്കരിക്കുന്നതിനു് സ്പെഷലായി വല്ലവരേയും വച്ചിട്ടുണ്ടോ എന്നാണു് ചോദിക്കുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: ആ ചോദ്യം വായിച്ചു നോക്കിയാൽ കൊള്ളാം.

ശ്രീ. ദേവകീഗോപിദാസു്: ഈ പോലീസു് ഡിപ്പാർട്ടുമെൻറു പരിഷ്കാരംകൊണ്ടു് ഗവണ്മെൻറിനു ലാഭമാണോ നഷ്ടമാണോ ഉണ്ടായിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവണ്മെൻറു ലാഭനഷ്ടക്കണക്കല്ല നോക്കിയതു്. പോലീസു ഡിപ്പാർട്ടുമെൻറിൽ ഇതുവരെ പോലീസുകാർക്കു് മൻപതും പത്തും രൂപാ ശമ്പളം മാത്രമാണു് ഉണ്ടായിരുന്നതു്. അതു വളരെ കുറവാണെന്നു ഗവണ്മെൻറു വിചാരിക്കയും അവരുടെ ശമ്പളം വർദ്ധിപ്പിക്കണ്ടതു് ആണെന്നു് ഗവണ്മെൻറിനു തോന്നുകയും ചെയ്തു.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദു്: ഡി. എസ്. പി. മാരുടേയും എ. എസ്. പി. മാരുടേയും ശമ്പളം വർദ്ധിപ്പിക്കാൻ ഗവണ്മെൻറാലോചിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഗവണ്മെൻറിന്റെ ആലോചനാവിഷയമായിരിക്കുകയാണു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദു്: അവരുടെ ശമ്പളം ഓരോ ഡിസ്ട്രിക്ടു് ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽ കുറവാണെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഡിസ്ട്രിക്ടു് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ൪൫൦ രൂപാ മുതൽ ൬൫൦ രൂപാവരെയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ജോഷ്വ: സ്ത്രീകൾക്ക് ആ ഡിപ്പാർട്ടുമെന്റിൽ ഉയർന്ന ശമ്പളത്തിൽ ഉദ്യോഗം കൊടുക്കാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ശരിയായ യോഗ്യതയുള്ള സ്ത്രീകളെ കിട്ടിയാൽ കൊടുക്കാം.

ശ്രീ. എ. കെ. ജോഷ്വ: ഈ യോഗ്യതയുള്ളവർ എന്നു പറഞ്ഞതെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: എല്ലാവിധത്തിലും യോഗ്യതയുള്ള സ്ത്രീകൾ എന്നാണ് പറഞ്ഞത്.

GOVERNMENT PLEADERS

***256. [37] Sri. A. L. Jacob:** Will the Hon'ble the Chief Minister be pleased to state.—

(*a*) the number of Government Pleaders in the High Court and the District Courts of the State;

(*b*) was any advocate appointed as special prosecutor in connection with the prosecution against the Editor, Keralakaumudi;

(*c*) if so, what was the remuneration paid to him; and

(*d*) what was the necessity to appoint a special prosecutor when there were a large number of Government Pleaders?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഹൈക്കോർട്ടിൽ 8, സിസ്സിക്ക് കോടതിയിൽ 18.

(ബി) ഉണ്ട്.

(സി) പ്രതിഫലം ഇതുവരെ കൊടുത്തുകഴിഞ്ഞിട്ടില്ല.

(ഡി) ഇവിടെയുള്ള സീനിയർ ഗവൺമെന്റ് പ്ലീഡറന്മാർ ആരും സ്ഥലത്തില്ലാതിരുന്നതുകൊണ്ട് അദ്ദേഹത്തിനെത്തന്നെ നിയമിക്കേണ്ടതു് ആവശ്യമാണെന്നു ഗവൺമെന്റിനു തോന്നിയതുകൊണ്ടും.

ശ്രീ. പാമ്പ തളിയത്തു്: അദ്ദേഹത്തിനു് അഡ്വാൻസായി വല്ലതുകയും കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കൊടുത്തിട്ടില്ല.

Sri. P. Balakrishnan Tampi: Is not that gentleman the ablest criminal lawyer in Southern India?

Sri. T. K. Narayana Pillai: That is what the Government thinks.

ശ്രീ പാമ്പ തളിയത്തു്: ഗവൺമെന്റിൽനിന്നും ശ്രീ. പി. ടി. ചാക്കോയെ ഗവൺമെന്റ് പ്രാസിക്യൂട്ടറായി അംഗീകരിക്കാൻ കാരണമെന്താണ്.

ശ്രീ. ടി. കെ. നാരായണപിള്ള: അദ്ദേഹത്തെ ഫാർവേഡ് ബാങ്കിലെ കേസിനെ സംബന്ധിച്ചു് നിയമിച്ചിട്ടുള്ളതാണ്. അതിനു കാരണം ആ വക്കീലിനെതന്നെവച്ചു കേസു നടത്തണമെന്നു് അവർ ആവശ്യപ്പെട്ടതനുസരിച്ചു് ഗവൺമെന്റ് അനുവദിച്ചിട്ടുള്ളതാണ്. അതിനു് ക്രിമിനൽ പ്രൊസീഡ്യൂവർ കോഡിൽ നവ്യ 8–ാം വകുപ്പനുസരിച്ചു് അപ്രകാരം സമ്മതം കൊടുത്തു എന്നല്ലാതെ പ്രാസിക്യൂട്ടർ എന്ന നിലയിൽ ഈ ഗവൺമെന്റിൽനിന്നും റെമ്മ്യൂണറേഷൻ കൊടുക്കേണ്ടതില്ലെന്നു് ആ ബാങ്കിന്റെ പ്രതിനിധിയും ശ്രീ. പി. ടി. ചാക്കോയും എഴുതി വച്ചിട്ടുമുണ്ട്.

ശ്രീ. പാമ്പ തളിയത്തു്: കൗമദിയുടെ പേരിൽ ഗവൺമെന്റിൽനിന്നും എടുത്തിട്ടുള്ള കേസിനു് എന്തു പ്രതിഫലമാണ് കൊടുക്കാൻ പോകുന്നതെന്നു തീരുമാനിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly